# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മേയ് 30

# വാർത്താക്കുറിപ്പ്

## വേനലിലും ജലസമൃദ്ധിയിൽ എം.ജി. സർവകലാശാല; മഴക്കൊയ്ത്തിലൂടെ ലാഭിച്ചത് 35 ലക്ഷം രൂപ

നാടാകെ കുടിവെള്ളത്തിനായി നെട്ടോട്ടമോടുമ്പോൾ മഴക്കൊയ്ത്തിലൂടെ ജലസമൃദ്ധി നേടി, 35 ലക്ഷം രൂപ ലാഭിച്ച് മാതൃകയായി മഹാത്മാ ഗാന്ധി സർവകലാശാല. സർവകലാശാലയിലെ വിവിധ കെട്ടിടങ്ങളിൽ നിന്ന് മഴവെള്ളം മഴക്കൊയ്ത്തിലൂടെ ശേഖരിച്ച് നാലരക്കോടി ലിറ്റർ വരെ വെള്ളം സംഭരിക്കാവുന്ന രവീന്ദ്ര സരോവറിലെത്തിച്ചാണ് നേട്ടം കൈവരിച്ചതെന്ന് സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു.

കാമ്പസിൽ പ്രതിദിനം ഒന്നര ലക്ഷം ലിറ്റർ വെള്ളമാണ് വിവിധ ആവശ്യങ്ങൾക്ക് വേണ്ടത്. മുൻ വർഷങ്ങളിൽ ജനുവരി മുതൽ തന്നെ ടാങ്കർ ലോറികളിൽ വെള്ളമെത്തിക്കേണ്ട സ്ഥിതിയായിരുന്നു. ഇതിനായി 35 ലക്ഷം രൂപ ചെലവഴിക്കേണ്ടി വന്നിരുന്നുവെന്നും ഈ വർഷം ഇതുവരെ ഒരു രൂപ പോലും വെള്ളത്തിനായി ചെലവഴിക്കേണ്ടി വന്നിട്ടില്ലെന്നും സിൻഡിക്കേറ്റ് ആസൂത്രണ വികസന ഉപസമിതി കൺവീനർ ഡോ. കെ. കൃഷ്ണദാസ് പറഞ്ഞു. വെള്ളക്ഷാമം മൂലം കാമ്പസിലെ ഹോസ്റ്റലുകൾ അടച്ചിടേണ്ട സാഹചര്യം വരെ മുമ്പുണ്ടായിരുന്നു.

സിൽവർ ജൂബിലി പരീക്ഷാഭവനടക്കം സർവകലാശാലയിലെ 20 കെട്ടിടങ്ങളുടെ മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം രവീന്ദ്ര സരോവറിലെത്തിക്കുന്നുണ്ട്. രവീന്ദ്ര സരോവറിന് പുറമെ സർവകലാശാല മൈതാനത്തിന് സമീപമുള്ള കുളത്തിന്റെ ആഴം ആറുമീറ്ററോളം കൂട്ടി കല്ലുകെട്ടി സംരക്ഷിച്ച് 45 ലക്ഷം ലിറ്റർ വെള്ളം സംഭരിച്ചു. ഇവിടെനിന്നുള്ള ജലമാണ് സർവകലാശാലയിലും ഹോസ്റ്റലുകളിലും ക്വാർട്ടേഴ്സുകളിലും പഠനവകുപ്പുകളിലും ഉപയോഗിക്കുന്നത്. കനത്ത വേനലിലും ജലസമൃദ്ധമാണ് രവീന്ദ്ര സരോവർ. വർഷങ്ങൾക്ക് മുമ്പ് കെട്ടിടനിർമ്മാണത്തിനായി കരിങ്കല്ലെടുത്ത പാറമടയാണ് രവീന്ദ്ര സരോവർ എന്ന പേരിൽ ജലസംഭരണിയാക്കിയത്. കഴിഞ്ഞ പ്രളയകാലത്ത് രവീന്ദ്ര സരോവർ നിറഞ്ഞൊഴുകിയിരുന്നു. കാമ്പസിലും ഹോസ്റ്റലുകൾക്ക് സമീപവും മഴക്കുഴികൾ തീർത്ത് മഴക്കൊയ്ത്ത് നടത്തി ഭൂഗർഭ ജലവിതാനം ഉയർത്താനുള്ള ശ്രമങ്ങളും സർവകലാശാല നടത്തുന്നു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാലയിലെ മഴവെള്ളം സംഭരിക്കുന്ന രവീന്ദ്ര സരോവർ**

(പി.ആർ.ഒ./39/969/2019)

## ക്യാറ്റ് എം.ജി.യു. 2019; എൻട്രൻസ് പരീക്ഷഫലം പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെയും ഇന്റർ സ്കൂൾ സെന്ററിലെയും ബിരുദാനന്തര ബിരുദ പ്രവേശനത്തിനായി നടത്തിയ എൻട്രൻസ് പരീക്ഷയുടെ (ക്യാറ്റ് എം.ജി.യു 2019) ഫലം പ്രസിദ്ധീകരിച്ചു. പരീക്ഷഫലം www.cat.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. വിവിധ പഠനവകുപ്പുകളിലെ സീറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി പഠനവകുപ്പുകളിൽ നടത്തുന്ന ഇന്റർവ്യൂവിന് ശേഷം ഫൈനൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും. വിശദവിവരത്തിന് ഫോൺ: 0481-2733615.

(പി.ആർ.ഒ./39/970/2019)

## പരീക്ഷ തീയതി

രണ്ടാം സെമസ്റ്റർ എം.ബി.എ. (2018 അഡ്മിഷൻ റഗുലർ/2015-2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂൺ 20ന് ആരംഭിക്കും. പിഴയില്ലാതെ ജൂൺ മൂന്നുവരെയും 500 രൂപ പിഴയോടെ നാലുവരെയും 1000 രൂപ സൂപ്പർഫൈനോടെ ഏഴുവരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 40 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/971/2019)

നാലാം സെമസ്റ്റർ എം.ബി.എ. (2017 അഡ്മിഷൻ റഗുലർ/2015, 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂൺ 21ന് ആരംഭിക്കും. പിഴയില്ലാതെ ജൂൺ മൂന്നുവരെയും 500 രൂപ പിഴയോടെ നാലുവരെയും 1000 രൂപ സൂപ്പർഫൈനോടെ ഏഴുവരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 40 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. റഗുലർ വിദ്യാർഥികൾ പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് ഫീസായി 125 രൂപ പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/972/2019)

രണ്ടാം സെമസ്റ്റർ എം.എഡ്. (ദ്വിവത്സരം - 2018 അഡ്മിഷൻ റഗുലർ/2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂൺ 19ന് ആരംഭിക്കും. പിഴയില്ലാതെ ജൂൺ ആറുവരെയും 500 രൂപ പിഴയോടെ ഏഴുവരെയും 1000 രൂപ സൂപ്പർഫൈനോടെ പത്തുവരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും സപ്ലിമെന്ററി വിദ്യാർഥികൾ പേപ്പറൊന്നിന് 50 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/973/2019)

അഫിലിയേറ്റഡ് കോളേജുകളിലെയും സീപാസിലെയും രണ്ടാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2018 അഡ്മിഷൻ റഗുലർ/2015 മുതൽ അഡ്മിഷൻ സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷകൾ ജൂൺ 19ന് ആരംഭിക്കും. പിഴയില്ലാതെ ജൂൺ ആറുവരെയും 500 രൂപ പിഴയോടെ ഏഴുവരെയും 1000 രൂപ സൂപ്പർഫൈനോടെ പത്തുവരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും സപ്ലിമെന്ററി വിദ്യാർഥികൾ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/974/2019)

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ രണ്ടാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (4 പി.എം.- 9 പി.എം. - സപ്ലിമെന്ററി) പരീക്ഷകൾ ജൂൺ 21ന് ആരംഭിക്കും. പിഴയില്ലാതെ ജൂൺ മൂന്നുവരെയും 500 രൂപ പിഴയോടെ നാലുവരെയും 1000 രൂപ സൂപ്പർഫൈനോടെ ഏഴുവരെയും അപേക്ഷിക്കാം. വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതം (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/975/2019)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2013-2016 അഡ്മിഷൻ സപ്ലിമെന്ററി/റീഅപ്പിയറൻസ്) ബി.എ. ഇംഗ്ലീഷ് ട്രിപ്പിൾ മെയിൻ മോഡൽ - 3) നവംബർ/ഡിസംബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ ഏഴിന് മണിമലക്കുന്ന് ടി.എം.ജെ.എം. ഗവൺമെന്റ് കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/976/2019)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം. എ. മ്യൂസിക് വയലിൻ, വീണ (സി.എസ്.എസ്.-2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകളുടെ പ്രാക്ടിക്കൽ ജൂൺ ആറു മുതൽ 11 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/977/2019)

## പരീക്ഷഫലം

2018 ഓഗസ്റ്റിൽ നടന്ന ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (2017 അഡ്മിഷൻ റഗുലർ/2016 ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ജൂൺ 12 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/978/2019)

2018 ഡിസംബറിൽ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ്, പൊളിറ്റിക്സ് ആന്റ് ഹ്യൂമൻ റൈറ്റ്സ്, പൊളിറ്റിക്സ് (പബ്ലിക് പോളിസി ആന്റ് ഗവർണൻസ്) സി.എസ്.എസ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/979/2019)

2018 ഒക്ടോബറിൽ നടന്ന സി.ബി.സി.എസ്.എസ്. മൂന്നാം സെമസ്റ്റർ ബി.എ. മോഡൽ I, II, III സപ്ലിമെന്ററി (2013, 2014, 2015, 2016 അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 12 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/980/2019)

2018 ജൂലൈയിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എ. ഇക്കണോമിക്സ് പ്രൈവറ്റ് (റഗുലർ അപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 12 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/981/2019)

2018 ജൂലൈയിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ എം.കോം. (പ്രൈവറ്റ് അഡ്മിഷൻ - റഗുലർ അപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 13 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/982/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ